LIBRARY ARCHIVES Kerala Legislative Assembly

മാതൃകാ അംഗൻവാടികൾ

219 (3059) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടി സ്ഥാപിക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എത്ര നിയോജകമണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കപ്പെട്ടു;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എത്ര തുക ഓരോ വർഷത്തെയും ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള 115 നിയോജകമണ്ഡലങ്ങളിൽ 51 നിയോജകമണ്ഡലങ്ങളിലെ മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി വീതം സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാമിന് 50% കേന്ദ്രസഹായമായി അനുവദിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ 5452.49 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ആയതിൽ ഒരു മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നാളിതുവരെയായി 15,92,44,079 രൂപ ചെലവഴിച്ചിട്ടുണ്ട്.

വികലാംഗ സംവരണ നിയമനത്തിനായുള്ള തസ്തികകൾ

220 (3060) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ പുതുതായി വികലാംഗ സംവരണ നിയമനത്തിനായി കണ്ടെത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;